# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസ് നടപടി ക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – പ്ലാൻ സ്കീം 2018 - 19 കാലവർഷക്കെടുതിയിൽ തകർന്ന മൂന്നാർ ഗവൺമെന്റ് കോളേജ് മൂന്നാർ എഞ്ചിനീയറിംഗ് കോളേജിലേയ്ക്ക് മാറ്റിയതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ചിലവായ തുക Annuity Scheme - ൽ നിന്നും (4202 - 01 - 203 - 76) അനുവദിച്ച് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**ഉത്തരവ് നമ്പർ - പി.2/21946/2018/കോ.വി.വ** **തീയതി - 07/01/2019**

---

പരാമർശം:- 1. സ.ഉ.നം.4194/2018/ഫിൻ നമ്പരായ 15/05/2018 - ലെ സർക്കാർ ഉത്തരവ്.

2. സി2/237/2018/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്.

3. മൂന്നാർ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാളിന്റെ എ1/294/2018 നമ്പർ കത്തും മൂന്നാർ PWD അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നൽകിയ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ്.

## ഉത്തരവ്

നടപ്പ് സാമ്പത്തിക വർഷം അന്വിറ്റി സ്കീമിനായി 50 ലക്ഷം രൂപ 4202 - 01 - 203 - 76 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. സൂചന (1) പ്രകാരം ടി തുക ചിലവഴിക്കുന്നതിനുള്ള കൺട്രോളിംഗ് ഓഫീസറായ കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2018 - ലെ കാലവർഷക്കെടുതിയിൽ മൂന്നാർ സർക്കാർ കോളേജിൽ മണ്ണടിച്ചലിന്റെ ഫലമായി ഉണ്ടായ നാശനഷ്ടങ്ങളെ തുടർന്ന് സൂചന (2) പ്രകാരം മൂന്നാർ എഞ്ചിനീയറിംഗ് കോളേജിലേയ്ക്ക് 15 ക്ലാസ്സ് മുറികൾ സജ്ജീകരിച്ച് ക്ലാസ്സുകൾ പുനഃരാരംഭിച്ചിരുന്നു. ടി മുറികൾ ഫ്ളോറിംഗ് നടത്തി പാർട്ടീഷൻ ചെയ്ത് താത്ക്കാലിക ക്ലാസ്സ് മുറികൾ ആക്കുന്നതിനും പെൺകുട്ടികൾക്കുള്ള താത്ക്കാലിക ശൗചാലയത്തിനും റോഡ് നിർമ്മാണത്തിനുമായി PWD ഇതുവരെ നടത്തിയ വർക്കുകളും ഇനി നടത്താനുള്ള വർക്കുകളുടേയും 20,00,000/- (20 ലക്ഷം രൂപ മാത്രം) വിശദമായ എസ്റ്റിമേറ്റ് മൂന്നാർ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾ സൂചന (3) പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | തുക |
|---|---|
| Munnar Government College –Providing basic infra-structure facilities for class rooms temporary shifted. construction of Girls toilet and construction of CC road. | 20,00,000/- (ഇരുപത് ലക്ഷം രൂപാ മാത്രം) |

957983

GOVERNMENT OF KERALA 2017-18

പ്രസ്തുത പ്രവൃത്തി സംബന്ധിച്ച പ്രൊപ്പോസൽ വിശദമായി പരിശോധിച്ചതിൻ പ്രകാരം 20 ലക്ഷം രൂപയ്ക്കുള്ള പ്രവൃത്തി നടത്തുന്നതിനുള്ള ഭരണാനുമതി നൽകി ഫണ്ട് അനുവദിച്ച് മൂന്നാർ ഗവൺമെന്റ് കോളേജിന് നൽകി ഉത്തരവാകുന്നു.

പ്ലാൻ ഫണ്ട് വിനിയോഗത്തിൽ നിലവിലുള്ള എല്ലാ സർക്കാർ ഉത്തരവുകളും പാലിക്കപ്പെടുന്നുണ്ടെന്ന് പ്രിൻസിപ്പാൾ ഉറപ്പ് വരുത്തേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുമാണ്.

മേൽ പ്രവൃത്തിക്കുള്ള തുക 4202 - 01 - 203 - 76 - അമ്നിറ്റി സ്കീം (2018 - 19) എന്ന ശീർഷകത്തിൽ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.

ഒപ്പ്/
ഹരിത.വി.കുമാർ.ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ഒ 10/01/2019

GOVERNMENT OF KERALA 2017-18
957981